# THE MALANKARA ORTHODOX SYRIAN CHURCH
# CATHOLICATE OF THE EAST
CATHOLICATE PALACE, DEVALOKAM, KOTTAYAM

**FR.DR.M.O.JOHN**
PRIEST TRUSTEE
PHONE : 9447464202
EMAIL : frmojohn@yahoo.com

ശ്രീ.പിണറായി വിജയന്റെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്ന കേരളസംസ്ഥാനത്തിന്റെ പുതിയ മന്ത്രിസഭയ്ക്ക് അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും അർപ്പിക്കുന്നു.

ശക്തമായ നേതൃത്വത്തിന്റെ കീഴിൽ തുടർഭരണമുണ്ടായി രണ്ടാമതും അധികാരം ഏൽക്കുവാൻ സാധിക്കുന്നത് കേരളചരിത്രത്തിലെ അപൂർവ്വസംഭവമാണ്. അതിനു നേതൃത്വം നൽകിയ മുഖ്യമന്ത്രി പിണറായി വിജയനെയും കൂടെനിന്നു പ്രവർത്തിച്ച രാഷ്ട്രീയ നേതൃത്വത്തെയും സംസ്ഥാനതലം മുതൽ വാർഡുതലം വരെ അർപ്പണബോധത്തോടെ പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു.

കേരളത്തിലെ ജനങ്ങൾ അനുഗ്രഹിച്ചനുവദിച്ചുതന്നിരിക്കുന്ന ഈ അസുലഭ ഭാഗ്യം ജനങ്ങളുടെ പ്രതീക്ഷയ്ക്കൊപ്പം ഉയർന്നുപ്രവർത്തിച്ച് അഭിനന്ദനം ഏറ്റുവാങ്ങാൻ ഇടയാകണം.

പ്രതിബദ്ധതയുള്ള പുതുമുഖങ്ങളെയും യുവനേതൃത്വത്തെയും അവതരിപ്പിച്ചു കയ്യടി വാങ്ങുവാൻ മുഖ്യമന്ത്രിക്കു സാധിച്ചു. മന്ത്രിസഭാരൂപീകരണത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒരളവുവരെ എല്ലാറ്റിനെയും പരിഗണിച്ചും വിമർശനങ്ങളെ അതിജീവിച്ചും മുന്നേറുവാൻ സാധിച്ചു എന്നത് നിസ്സാരകാര്യമല്ല. തലമുറമാറ്റവും സ്ത്രീപ്രാതിനിധ്യവും ഒരുപോലെ ഉറപ്പാക്കുവാൻ മുഖ്യമന്ത്രിക്കു സാധിച്ചു. നിശ്ചയദാർഢ്യത്തോടെയുള്ള ഈ മുന്നേറ്റം അഭിനന്ദനാർഹമാണ്. സ്ത്രീപുരുഷഭേദമന്യെ കേരളത്തിലെ നാനാജാതി മതസ്ഥരായ പൊതുസമൂഹം ഇത് അംഗീകരിച്ചിരിക്കുന്നു. മഹാപ്രളയത്തിന്റെയും മഹാമാരിയുടെയും കാലത്ത് ഉറപ്പോടെ കേരളത്തെ നയിക്കുവാൻ പിണറായി വിജയന്റെ ശക്തമായ നേതൃത്വത്തിൽ പ്രവർത്തിച്ച ഒരു സർക്കാരിന്റെ തുടർച്ചയാണിത്. വിമർശനങ്ങളുടെ നടുവിലും ജനങ്ങളെ കേൾക്കുവാനും ജനങ്ങളുടെ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനും അദ്ദേഹത്തിന് സാധിച്ചു.

മുഖ്യമന്ത്രിയുടെയും പുതിയ മന്ത്രിമാരുടെയും പ്രവർത്തനങ്ങളെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു വലിയ ജനസമൂഹമുണ്ട്. അവരുടെ പ്രതീക്ഷകൾക്കൊത്തുയരുവാൻ എല്ലാവർക്കും സാധിക്കണം. വിദ്യാഭ്യാസ ആരോഗ്യ ധനകാര്യപൊതുമരാമത്ത് മേഖലകളിലൊക്കെ ഒട്ടനവധി കാര്യങ്ങൾ ചെയ്തുതീർക്കുവാനുണ്ട്. പുതിയ മന്ത്രിമാർ എല്ലാവരും അവർക്കു ലഭ്യമായിരിക്കുന്ന വകുപ്പുകളിലെ കാര്യങ്ങൾ ശ്രദ്ധയോടെ പഠിച്ച് ജനങ്ങളെ പൂർണ്ണവിശ്വാസത്തിലെടുത്ത് മുമ്പോട്ടുപോകണം. അപ്പോൾ വിജയം ഉണ്ടാകും.

മലങ്കരസഭാംഗമായ ശ്രീമതി വീണാജോർജ് മന്ത്രിസഭയിൽ ഉണ്ടെന്നുള്ളത് സഭയെ സംബന്ധിച്ചും സന്തോഷത്തിന്റെ സന്ദർഭമാണ്. പ.ബാവാ തിരുമേനി അവരെ പ്രത്യേകമായി അനുഗ്രഹിച്ച് അഭിനന്ദിക്കുകയുണ്ടായി.

അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി മുഖ്യമന്ത്രിയെ സന്ദർശിച്ച് അഭിനന്ദനം അറിയിക്കുകയുണ്ടായി. അദ്ദേഹം ഇന്ന് നടക്കുന്ന സത്യപ്രതിജ്ഞാചടങ്ങിൽ സംബന്ധിക്കുന്നുണ്ട്.

ശ്രീ.സജി ചെറിയാൻ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയേയും ചിറ്റയം ഗോപകുമാർ, അടൂർ ഭദ്രാസനത്തിന്റെ അഭിവന്ദ്യ അപ്രേം തിരുമേനിയേയും സന്ദർശിച്ച് അനുഗ്രഹം വാങ്ങിക്കുകയുണ്ടായി.

രണ്ടാം തവണയും കേരളത്തിന്റെ മുഖ്യമന്ത്രിയായി അധികാരം ഏൽക്കുന്ന ശ്രീ.പിണറായി വിജയനും പുതുതായി ചുമതല ഏൽക്കുന്ന എല്ലാ മന്ത്രിമാർക്കും ഒരിക്കൽക്കൂടി മലങ്കരസഭയുടെ അഭിനന്ദനങ്ങൾ നേരുന്നു.

**ഫാ.ഡോ.എം.ഒ.ജോൺ**